പട്ടികയ്ക്ക് അംഗീകാരം നൽകുകയും 31-7-2014-ലെ സ.ഉ. (കൈ) നമ്പർ 143/2014/പൊ.വി. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി. 18-8-2014-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 19-5-2014-ലെ റിപ്പോർട്ടിൽ ഉൾപ്പെട്ട സ്കൂളുകൾക്കുമാത്രം പ്ലസ്ടു ബാച്ചുകളും പ്രവർത്തനാനുമതിയും അനുവദിച്ചുകൊണ്ട് 24-11-2014-ലെ സ.ഉ.(കൈ) നമ്പർ 247/2014/പൊ.വി. പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(ബി) 19-5-2014-ലെയും 18-6-2014-ലെയും കത്തുകൾ മുഖാന്തരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശകളും പ്രാദേശികമായ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് അർഹതയുള്ള സ്കൂളുകൾക്കുമാത്രമാണ് സർക്കാർ അംഗീകാരം നൽകിയത്.

ബദൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവ്

38(2945) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബദൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിൽ ബദൽ സ്കൂളിൽ അദ്ധ്യാപകരും അനദ്ധ്യാപകരുമായി സേവനം അനുഷ്ഠിച്ച് വരുന്നവരെ പ്രസ്തുത സ്കൂളുകൾ എൽ.പി. സ്കൂളുകളാകുമ്പോൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്ന വേതനം ഉയർത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കൂടി പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബദൽ/ഏകാദ്ധ്യാപക സ്കൂളുകളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള 111 എണ്ണത്തെ അപ്ഗ്രേഡ് ചെയ്തുകൊണ്ട് 1-3-2014-ലെ G.O(MS)44/2014/G.Edn. പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) പരിശോധിച്ചുവരുന്നു.

(സി) നിലവിൽ ജോലിചെയ്യുന്ന വിദ്യാ വോളന്റിയർമാരുടെ ഓണറേറിയം 1-9-2014 മുതൽ 3000 രൂപയിൽനിന്നും 5000 രൂപയായി ഉയർത്തി 8-10-2014-ലെ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

GO(Ms)207/2014/G.Edn. പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

ഹയർസെക്കന്ററി വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തിക

39(2946) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലബ്ബാ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഹയർസെക്കന്ററിയിൽ പഠിക്കുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് കായിക വിദ്യാഭ്യാസം ആവശ്യമാണെന്ന നിർദ്ദേശം നടപ്പിലാക്കാൻ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഹയർസെക്കന്ററി സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിനുള്ള പിരീഡുകൾ ഉണ്ടെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(സി) ഹൈസ്കൂളുകളിൽ ജോലി ചെയ്യുന്ന കായികാദ്ധ്യാപകരുടെ തസ്തിക സംരക്ഷിക്കുവാൻ ഹയർസെക്കന്ററി വിഭാഗത്തിലുള്ള പിരീഡും കണക്കാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കായികാദ്ധ്യാപകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അനീഷ് മാസ്റ്ററുടെ ആത്മഹത്യ

40(2947) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിൽ നിന്നും പിരിച്ചുവിടപ്പെടുകയും പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്ത ശ്രീ. അനീഷ് മാസ്റ്റർ സർവ്വീസിൽ നിന്നും പിരിച്ചുവിടാനുള്ള കാരണം എന്തായിരുന്നു ;

(ബി) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിൽ നിന്നും പിരിച്ചുവിടപ്പെടുകയും പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്ത ശ്രീ. അനീഷ് മാസ്റ്റർ മാനേജർ മനപ്പൂർവ്വം കള്ളക്കേസിൽ കുടുക്കുകയായിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly